കർമ്മശാസ്ത്രം ചോദ്യോത്തരങ്ങളിലൂടെ – 1

# വെള്ളം

(21 ചോദ്യങ്ങളും ഉത്തരങ്ങളും)


## അബ്ദുൽ മുഹ്സിൻ ഐദീദ്

- غَفَرَ اللَّـهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ المُسْلِمِينَ -

# ഉള്ളടക്കം


**ത്വഹാറഃ (ശുദ്ധീകരണം) _______ 5**

1. എന്തു കൊണ്ടാണ് കർമ്മശാസ്ത്രപാഠങ്ങളിൽ വെള്ള ത്തെ കുറിച്ച് ആദ്യം പറയുന്നത്? _ _ _ _ _ _ _ _ _ _ _ _ 5
2. ശുദ്ധീകരണത്തിന്റെ ഇനങ്ങൾ ഏതെല്ലാമാണ്? _ _ 6
3. ഏതെല്ലാം ഇടങ്ങളാണ് മുസ്‌ലിം ശുദ്ധിയോടെ സൂക്ഷി ക്കേണ്ടത്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 7
4. കർമ്മശാസ്ത്രത്തിൽ ശുദ്ധീകരണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? _ _ _ _ _ _ _ _ _ _ _ _ _ _ 9
5. ഇസ്‌ലാമിൽ ശുദ്ധീകരണത്തിനുള്ള പ്രാധാന്യം വിവരി ക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 10

**വെള്ളം _______ 12**

1. ഇസ്‌ലാമിക കർമ്മശാസ്ത്രത്തിൽ വെള്ളം എത്ര രൂപ ത്തിലുണ്ട്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 12
2. ശുദ്ധീകരണത്തിന് ഉപയോഗിക്കാവുന്ന വെള്ളം ഏതെ ല്ലാമാണെന്ന് ഉദാഹരണങ്ങളിലൂടെ വിവരിക്കാമോ? _ 14
3. ശേഖരിച്ച മഴവെള്ളം കൊണ്ട് വുദു എടുക്കാമോ? _ 15
4. കടൽവെള്ളം കൊണ്ട് ശുദ്ധീകരിക്കാൻ പാടുണ്ടോ? _ 16
5. നദികളിലെയും കിണറിലെയും വെള്ളം ശുദ്ധീകരണ ത്തിന് ഉപയോഗിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ 17
6. സംസം വെള്ളം വുദു എടുക്കാനും കുളിക്കാനും ഉപ യോഗിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 18
7. നജസ് വൃത്തിയാക്കാൻ സംസം വെള്ളം ഉപയോഗി ക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 19
8. ചൂടുവെള്ളം കൊണ്ട് ശുദ്ധീകരിക്കുന്നത് അനുവദനീ യമാണോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 19

9. വെയിലേറ്റ വെള്ളം ശുദ്ധീകരിക്കാൻ എടുക്കരുതെന്ന് ചിലർ പറയുന്നു; ശരിയാണോ? _ _ _ _ _ _ _ _ _ _ _ _ 20

10. നിഷിദ്ധമായ വെള്ളം കൊണ്ട് ശുദ്ധീകരിക്കുന്നത് ശരിയാകുമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 21

11. വെള്ളം ശുദ്ധിയുള്ളതാണോ അല്ലേ എന്നതിൽ സംശയമുണ്ടായാൽ എന്തു ചെയ്യണം? _ _ _ _ _ _ _ _ _ _ 22

12. ഒരാൾ കുടിച്ച ശേഷം ബാക്കി വന്ന വെള്ളം ഉപയോഗിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 24

13. ആർത്തവകാരി കുടിച്ച വെള്ളത്തിന്റെ ബാക്കി കുടിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 25

14. പശു, ആട് പോലുള്ള മൃഗങ്ങൾ തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 26

15. നായ, പന്നി എന്നീ ജീവികൾ തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 26

16. വേട്ടയാടി ഭക്ഷണം കണ്ടെത്തുന്ന വന്യമൃഗങ്ങൾ തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ? _ _ _ _ _ _ _ _ _ _ 27

16. പൂച്ച തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ? _ _ _ _ 28

16. നജസ് ഭക്ഷിക്കുന്ന കോഴിയെ പോലുള്ള ജീവികൾ തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ? _ _ _ _ _ _ _ _ 29

# ത്വഹാറഃ (ശുദ്ധീകരണം)

**1. എന്തു കൊണ്ടാണ് കർമ്മശാസ്ത്രപാഠങ്ങളിൽ വെള്ള ത്തെ കുറിച്ച് ആദ്യം പറയുന്നത്?**

ഇസ്‌ലാമിക കർമ്മശാസ്ത്രം (ഫിഖ്ഹ്) ആരംഭിക്കുന്നത് ശുദ്ധി യെ (ത്വഹാറത്) കുറിച്ച് ചർച്ച ചെയ്തു കൊണ്ടാണ്. ഇസ്‌ലാം കാര്യ ങ്ങളിൽ ശഹാദത് കലിമ കഴിഞ്ഞാൽ പിന്നെ ആദ്യത്തെ കർമ്മം നി സ്കാരമാണെങ്കിലും ശുദ്ധിയെ കുറിച്ചുള്ള ചർച്ചകളിൽ നിന്ന് കർ മ്മശാസ്ത്ര പാഠങ്ങൾ ആരംഭിക്കുന്നത് നിസ്കാരം സ്വീകരിക്കണ മെങ്കിൽ ശുദ്ധി വേണമെന്നത് കൊണ്ടാണ്.

ശുദ്ധിയെ കുറിച്ചുള്ള പാഠങ്ങൾ ആരംഭിക്കുന്നത് വെള്ളത്തെ കുറിച്ച് പറഞ്ഞു കൊണ്ടാണ്. കാരണം വെള്ളമാണ് ശുദ്ധിയുടെ അടിസ്ഥാനം. ചെറിയ അശുദ്ധിയിൽ നിന്ന് വുദുവെടുത്ത് ശുദ്ധിയാ കാനും, വലിയ അശുദ്ധിയിൽ നിന്ന് കുളിച്ച് ശുദ്ധിയാകാനും വെ ള്ളം അനിവാര്യമാണ് എന്നതിനാൽ തന്നെ കർമ്മശാസ്ത്രം ഈ വി ഷയത്തിൽ നിന്ന് ആരംഭിക്കുന്നത് തീർത്തും അനുയോജ്യവുമാ ണ്.

അല്ലാഹുവിന്റെ മഹത്തരമായ അനുഗ്രഹമാണ് വെള്ളം. അതു കൊണ്ടുള്ള അനേകം പ്രയോജനങ്ങൾ അല്ലാഹു ഖുർആനിൽ എടുത്തു പറഞ്ഞിട്ടുണ്ട്. നിസ്കാരത്തിനും മറ്റുമെല്ലാം മുൻപ് ശു ദ്ധി വരുത്താൻ കൂടി വേണ്ടിയാണ് വെള്ളം എന്നറിയിക്കുന്ന ആയ ത്തുകൾ ഖുർആനിൽ വന്നിട്ടുണ്ട്.

അല്ലാഹു -(tha)- പറഞ്ഞു:

﴿وَيُنَزِّلُ عَلَيْكُم مِّنَ ٱلسَّمَآءِ مَآءً لِّيُطَهِّرَكُم بِهِۦ﴾ الأنفال: ١١

“നിങ്ങളെ ശുദ്ധീകരിക്കുന്നതിന് ആകാശത്ത് നിന്ന് നിങ്ങ ൾക്ക് മേൽ അവൻ വെള്ളം വർഷിക്കുന്നു.” (അൻഫാൽ: 11)

അല്ലാഹു വെള്ളം പടച്ചിരിക്കുന്നത് ശുദ്ധീകരിക്കാനുള്ള കഴി

വോട് കൂടെയാണ് എന്ന് ഈ ആയത്തിൽ നിന്ന് മനസ്സിലാക്കാം. ശുദ്ധീകരിക്കാൻ കഴിവുള്ള വെള്ളത്തിന് 'ത്വഹൂർ' എന്നാണ് അറബിയിൽ പറയുക.

അല്ലാഹു -(tha)- പറഞ്ഞു:

﴿ وَأَنزَلۡنَا مِنَ ٱلسَّمَآءِ مَآءٗ طَهُورٗا ﴾ الفرقان: ٤٨

"ആകാശത്ത് നിന്ന് 'ത്വഹൂറായ' ജലം നാം ഇറക്കുകയും ചെയ്തിരിക്കുന്നു." (ഫുർഖാൻ: 48)

സമുദ്രത്തിലെ വെള്ളത്തിനെ കുറിച്ച് നബി -ﷺ- പറഞ്ഞു:

«هُوَ الطَّهُورُ مَاؤُهُ، وَالحِلُّ مَيْتَتُهُ»

"അതിലെ വെള്ളം 'ത്വഹൂറാണ്'; അതിലെ ശവം ഹലാലുമാണ്." (അബൂദാവൂദ്: 4862, തിർമിദി: 69, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

വെള്ളവുമായി ബന്ധപ്പെട്ട ചില കർമ്മശാസ്ത്ര വിധികൾ ഇനിയുള്ള ചോദ്യോത്തരങ്ങളിൽ വായിക്കാം. ഇൻശാ അല്ലാഹ്.

## 2. ശുദ്ധീകരണത്തിന്റെ ഇനങ്ങൾ ഏതെല്ലാമാണ്?

നിസ്കരിക്കുന്ന വ്യക്തി ശുദ്ധിയുള്ളവനാവുകയും, അവന്റെ വസ്ത്രവും നിസ്കാരസ്ഥലവും ശുദ്ധിയുള്ളതാവുകയും ചെയ്താൽ മാത്രമേ നിസ്കാരം പോലുള്ള ചില ഇബാദതുകൾ നിർവ്വഹിക്കാൻ പാടുള്ളൂ. ഇപ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ശുദ്ധി 2 ഇനങ്ങളാണ്.

**ഒന്ന്: 'ഹദഥി'ൽ (الحَدَثُ) നിന്നുള്ള ശുദ്ധി.** ഇത് മൂന്ന് രൂപത്തിലുണ്ട്.

1- വലിയ ശുദ്ധി വരുത്തൽ (الطَّهَارَةُ الكُبْرَى). ഉദാഹരണത്തിന് ഒരാൾ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ അയാൾക്ക് വലിയ അശുദ്ധി (الحَدَثُ الأَكْبَرُ) ബാധിച്ചിരിക്കുന്നു. വലിയ അശുദ്ധി നീങ്ങാൻ കുളിക്കുകയാണ് വേണ്ടത്.

2- ചെറിയ ശുദ്ധി വരുത്തൽ (الطَّهَارَةُ الصُّغْرَى). ഉദാഹരണത്തിന് ഒരാൾ മലമൂത്ര വിസർജനം നടത്തിയാൽ അയാൾക്ക് ചെറിയ അശുദ്ധി (الحَدَثُ الأَصْغَرُ) ബാധിച്ചിരിക്കുന്നു. ചെറിയ അശുദ്ധി നീങ്ങാൻ വുദു എടുക്കുകയാണ് വേണ്ടത്.

3- മേൽ പറഞ്ഞ രണ്ടിനും പകരമുള്ള ശുദ്ധീകരണം (طَهَارَةُ بَدَلٍ). ഉദാഹരണത്തിന് ഒരാൾക്ക് വലിയ അശുദ്ധിയോ ചെറിയ അശുദ്ധിയോ ബാധിക്കുകയും, ശുദ്ധീകരിക്കാൻ വെള്ളം ലഭിക്കാതെ വരികയും ചെയ്താൽ അയാൾക്ക് ശുദ്ധമായ ഭൂപ്രതലം കൊണ്ട് 'തയമ്മും' ചെയ്യാം. ഇത് മേൽ പറഞ്ഞ രണ്ട് ശുദ്ധീകരണ രൂപങ്ങൾക്കും പകരമായി നിശ്ചയിക്കപ്പെട്ടതാണ്.

**രണ്ട്: 'ഖബഥി'ൽ (الخَبَثُ) നിന്നുള്ള ശുദ്ധി.** ശരീരത്തിലോ വസ്ത്രത്തിലോ നിസ്കാരസ്ഥലത്തോ ഉള്ള മാലിന്യം നീക്കം ചെയ്യലാണ് ഉദ്ദേശം. ഇത് മൂന്ന് രൂപത്തിലുണ്ട്.

1- കഴുകി വൃത്തിയാക്കൽ (طَهَارَةُ غَسْلٍ). ഉദാഹരണത്തിന് വസ്ത്രത്തിൽ മൂത്രമായാൽ വെള്ളം കൊണ്ട് അത് കഴുകി വൃത്തിയാക്കുകയാണ് വേണ്ടത്.

2- തുടച്ചു നീക്കൽ (طَهَارَةُ مَسْحٍ). നിസ്കരിക്കുന്ന സ്ഥലത്ത് വിസർജ്യങ്ങളോ മറ്റോ ഉണ്ടായാൽ തുണി കൊണ്ട് തുടച്ചു നീക്കുക എന്നത് ഉദാഹരണം.

3- വെള്ളം തളിക്കൽ (طَهَارَةُ نَضْحٍ). ഭക്ഷണം കഴിച്ചു തുടങ്ങിയില്ലാത്ത, മുലപ്പാൽ കുടിക്കുന്ന തീരെചെറിയ ആൺകുട്ടികളുടെ മൂത്രം വസ്ത്രത്തിലായാൽ വെള്ളം കുടയുകയും, അതിന് മേൽക്കൂടെ ഒഴിക്കുകയും ചെയ്താൽ മതിയാകും.

## 3. ഏതെല്ലാം ഇടങ്ങളാണ് മുസ്‌ലിം ശുദ്ധിയോടെ സൂക്ഷിക്കേണ്ടത്?

ശുദ്ധിയുമായി ബന്ധപ്പെട്ട നിയമങ്ങൾ പ്രതിപാദിച്ചു കൊണ്ടാണ് ഇസ്‌ലാമിക കർമ്മശാസ്ത്രം ആരംഭിക്കുന്നതെന്ന് നാം പറഞ്ഞു. എന്നാൽ കേവലം കർമ്മപരമായ ശുദ്ധി മാത്രമേ ഇസ്‌ലാം പഠിപ്പിക്കുന്നുള്ളൂ എന്ന് ആരും അതിൽ നിന്ന് തെറ്റിദ്ധരിച്ചു കൂടാ.

ഒരു മുസ്‌ലിമിന് ഉണ്ടായിരിക്കേണ്ട ശുദ്ധിയെ രണ്ടായി തിരിക്കാം.

**ഒന്ന്: ആന്തരികമായ ശുദ്ധി (الطَّهَارَةُ البَاطِنَةُ).**

അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളിൽ നിന്നെല്ലാം ഹൃദയത്തെ ശുദ്ധീകരിക്കുകയും, അതിലൂടെ തന്റെ വ്യക്തിജീവിതം പരിശുദ്ധമാക്കുകയും ചെയ്യുക എന്നതാണ് ആന്തരികമായ ശുദ്ധി എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.

ഇസ്‌ലാമിലെ ഏറ്റവും ഗുരുതരമായ തിന്മ ശിർകാണ്; അല്ലാഹുവിനോട് അവന്റെ സൃഷ്ടികളെ പങ്കുകാരാക്കുക എന്ന ഈ തിന്മയിൽ നിന്ന് ശുദ്ധിയാകാത്ത ഹൃദയത്തിൽ നിന്ന് ഒരു നന്മയും അല്ലാഹു സ്വീകരിക്കുന്നതല്ല. ഇക്കാരണത്താലാണ് അല്ലാഹു ബഹുദൈവാരാധകരെ നജസ് (മാലിന്യം) എന്ന് വിശേഷിപ്പിച്ചത്.

അല്ലാഹു പറയുന്നു:

﴿يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّمَا ٱلْمُشْرِكُونَ نَجَسٌ﴾ التوبة: ٢٨

"(അല്ലാഹുവിൽ) വിശ്വസിച്ചവരേ! ബഹുദൈവാരാധകർ അശുദ്ധർ തന്നെയാകുന്നു." (തൗബ: 28)

അല്ലാഹുവിലുള്ള വിശ്വാസം നിറഞ്ഞു നിൽക്കുകയും, അവന്റെ ഏകത്വം ദൃഢതയോടെ ഉൾക്കൊള്ളുകയും ചെയ്ത മുഅ്മിനാകട്ടെ, ഒരിക്കലും മാലിന്യമാവുകയുമില്ല.

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّـهُ عَنْهُ- أَنَّ النَّبِيَّ -ﷺ- قَالَ: «إِنَّ المؤمِنَ لا يَنجُسُ»

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "തീർച്ചയായും മുഅ്മിൻ മലിനമാവുകയില്ല." (ബുഖാരി: 285, മുസ്‌ലിം: 371)

ഇതോടൊപ്പം അല്ലാഹു വിലക്കിയ മറ്റെല്ലാ തിന്മകളിൽ നിന്നും അവൻ തന്റെ മനസ്സിനെ ശുദ്ധീകരിക്കേണ്ടതുണ്ട്. അല്ലാഹുവിനോടും റസൂലിനോടുമുള്ള ധിക്കാരമനോഭാവവും, അല്ലാഹുവിന്റെ ദാസന്മാരോട് പകയും അസൂയയും മനസ്സിൽ സൂക്ഷിക്കുന്നതും വെടിഞ്ഞാൽ മാത്രമേ ഹൃദയം ശുദ്ധിയോടെ നിലകൊള്ളുകയുള്ളൂ. വഞ്ചനയും അഹങ്കാരവും ലോകമാന്യവും പ്രശസ്തിയോടുള്ള ആഗ്രഹവുമെല്ലാം ഹൃദയത്തെ മലിനമാക്കുന്ന മാലിന്യങ്ങളത്രെ.

ഇവയെല്ലാം ശുദ്ധീകരിക്കാൻ ഏറ്റവും എളുപ്പമുള്ള വഴി അല്ലാഹുവിലേക്ക് നിഷ്കളങ്കമായി പശ്ചാത്തപിച്ചു മടങ്ങുക എന്നതാണ്. അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയും, അവന്റെ ഗ്രന്ഥമായ ഖുർആൻ പഠിക്കുന്നതും, നന്മകൾ അധികരിപ്പിക്കുന്നതുമെല്ലാം ഹൃദയത്തിന്റെ ശുദ്ധി വർദ്ധിപ്പിക്കുന്നതാണ്.

**രണ്ട്: ബാഹ്യമായ ശുദ്ധി (الطَّهَارَةُ الحِسِّيَّةُ)**

കർമ്മശാസ്ത്ര അദ്ധ്യായങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന ശുദ്ധി ബാഹ്യമായ ശുദ്ധിയാണ്. വുദുവെടുക്കുന്നതും, കുളിക്കുന്നതും, തയമ്മും ചെയ്യുന്നതുമെല്ലാം ബാഹ്യമായ ശുദ്ധി നേടുന്നതിനാണ്.

ശരീരവും വസ്ത്രവും നിസ്കാരസ്ഥലവും നജസിൽ നിന്ന് ശുദ്ധീകരിക്കുന്നതും ഇതിന്റെ ഭാഗം തന്നെ.

## 4. കർമ്മശാസ്ത്രത്തിൽ ശുദ്ധീകരണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

ഇസ്ലാമിക കർമ്മശാസ്ത്രം ആരംഭിക്കുന്നത് ശുദ്ധീകരണത്തെ കുറിച്ച് ചർച്ച ചെയ്തു കൊണ്ടാണ്. കർമ്മങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ നിസ്കാരം ശരിയാകണമെങ്കിൽ ശരീരവും വസ്ത്രവും നിസ്കാരസ്ഥലവുമെല്ലാം ശുദ്ധിയാകേണ്ടതുണ്ട് എന്ന നിബന്ധന പാലിക്കപ്പെടേണ്ടതുണ്ട്. ഇതു കൊണ്ടാണ് നിസ്കാരത്തെ കുറിച്ചുള്ള ചർച്ചകൾ ആരംഭിക്കുന്നതിന് മുൻപ് ശുദ്ധിയെ കുറിച്ച് ചർച്ച ചെയ്യുന്നത്.

'ത്വഹാറത്' (الطَّهَارَةُ) എന്നാണ് ശുദ്ധിക്ക് പറയുക. മാലിന്യങ്ങളിൽ നിന്നും വൃത്തികേടുകളിൽ നിന്നും ശുദ്ധിയാവുക എന്ന അർത്ഥമാണ് ഭാഷയിൽ അതിനുള്ളത്.

എന്നാൽ ത്വഹാറത് എന്നത് കൊണ്ട് കർമ്മശാസ്ത്രത്തിൽ ഉദ്ദേശിക്കുന്നത് സാങ്കേതികമായ മറ്റൊരർത്ഥമാണ്. 'ഹദഥ്' (الحَدَثُ) ഒഴിവാക്കലും, നജസ് (النَّجَسُ) നീക്കം ചെയ്യലുമാണ്' ത്വഹാറത് എന്നതിന്റെ മതപരമായ അർത്ഥം.

ഇസ്ലാമിന്റെ ഭാഷയിൽ ശുദ്ധി എന്നാൽ രണ്ട് കാര്യങ്ങളാണെന്ന് ഈ നിർവ്വചനത്തിൽ നിന്ന് മനസ്സിലാക്കാം.

**ഒന്ന്: ഹദഥ് (അശുദ്ധി) നീക്കം ചെയ്യൽ.**

നിസ്കാരത്തിൽ നിന്ന് ഒരാളെ തടഞ്ഞു നിർത്തുന്ന അവസ്ഥയാണ് ഹദഥ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് ഒരാൾ മലമൂത്ര വിസർജനം നിർവ്വഹിച്ചാൽ പിന്നീട് അവന് നിസ്കരിക്കാൻ അനുവാദമില്ല. കാരണം അവൻ ചെറിയ അശുദ്ധിയിലാണ്. അത് നീക്കം ചെയ്യുന്നതിന് വുദു എടുക്കണം. ഒരാൾ ഭാര്യയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ അവൻ വലിയ അശുദ്ധിയിലാണ്; അത് നീങ്ങണമെങ്കിൽ കുളിക്കണം. ഇതാണ് ത്വഹാറതിന്റെ ഒന്നാമത്തെ ഭാഗം.

**രണ്ട്: നജസ് നീക്കം ചെയ്യൽ.**

നിസ്കാരത്തിൽ നിന്ന് തടയുന്ന മാലിന്യങ്ങളാണ് ഉദ്ദേശം. ഉദാഹരണത്തിന് മൂത്രം നജസാണ്. അത് ശരീരത്തിലോ വസ്ത്രത്തി

ലോ ഉണ്ടെങ്കിൽ അതുമായി നിസ്കരിക്കാൻ അനുവാദമില്ല.

ആദ്യം നജസ് നീക്കം ചെയ്യുകയും, ശുദ്ധീകരിക്കുകയും ചെയ്ത ശേഷമേ നിസ്കരിക്കാൻ അനുവാദമുള്ളൂ. ഇതു പോലെ വേറെയും നജസുകളുണ്ട്. അവ നീക്കം ചെയ്യുക എന്നത് ശുദ്ധീകരണത്തിൽ ഉൾപ്പെടുന്നതാണ്.

## 5. ഇസ്‌ലാമിൽ ശുദ്ധീകരണത്തിനുള്ള പ്രാധാന്യം വിവരിക്കാമോ?

ശുദ്ധീകരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന അനേകം തെളിവുകൾ വിശുദ്ധ ഖുർആനിലും ഹദീഥിലും കണ്ടെത്താൻ കഴിയും. ഹൃദയവും ശരീരവും സർവ്വ മാലിന്യങ്ങളിൽ നിന്നും ശുദ്ധീകരിക്കാനും, ഏറ്റവും ഉത്തമവും പരിശുദ്ധവുമായത് സ്വീകരിക്കാനും സഹായിക്കുന്ന ദീനിന്റെ നിർദേശങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുക സാധ്യമല്ല.

ശുദ്ധീകരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന മൂന്ന് വിഷയങ്ങൾ താഴെ പറയാം.

<u>1- ഇസ്‌ലാം ശുദ്ധീകരണത്തിന് നൽകിയ ഗൗരവവും പരിഗണനയും.</u>

ഇസ്‌ലാമിക പ്രബോധനത്തിന്റെ ആരംഭത്തിൽ നബി -ﷺ- ക്ക് അല്ലാഹു നൽകിയ കൽപ്പനയിൽ തന്നെ ശുദ്ധീകരണത്തിന്റെ പ്രാധാന്യം എടുത്തു പറയപ്പെട്ടതായി കാണാം. നബി -ﷺ- ക്ക് രണ്ടാമത് അവതരിപ്പിക്കപ്പെട്ട സൂറതിന്റെ ആരംഭത്തിൽ അല്ലാഹു പറയുന്നു:

﴿ وَثِيَابَكَ فَطَهِّرْ ﴿٤﴾ ﴾ المدثر: ٤

“നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുക!” (മുദ്ദഥ്ഥിർ: 4)

“നിന്റെ വസ്ത്രം മാലിന്യങ്ങളിൽ നിന്ന് ശുദ്ധീകരിക്കുക; കാരണം ഹൃദയത്തിന്റെ പരിശുദ്ധി പൂർണ്ണമാവുക ബാഹ്യമായ ശുദ്ധി കൂടി ചേരുമ്പോഴാണ്” എന്നാണ് നബി -ﷺ- യോട് അല്ലാഹു കൽപ്പിക്കുന്നത്. (തഫ്സീറുൽ മുയസ്സർ)

عَنْ أَبِي مَالِكٍ الْأَشْعَرِيِّ قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «الطُّهُورُ شَطْرُ الْإِيمَانِ»

[مسلم: ٢٢٣]

അബൂ മാലിക് അൽഅശ്അരി -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: “ശുദ്ധീകരണം ഈമാനിന്റെ പകുതിയാണ്.” (മുസ്ലിം: 223)

ഇബ്നു റജബ് -ﷺ- പറയുന്നു: “ഈ ഹദീഥിൽ പരാമർശിക്കപ്പെട്ട ശുദ്ധീകരണം എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് വെള്ളം കൊണ്ട് അശുദ്ധി നീക്കലാണ്; ബഹുഭൂരിപക്ഷവും പ്രസ്തുത അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്.” (ജാമിഉൽ ഉലൂം: 2/7)

2- അല്ലാഹു ശുദ്ധി സ്വീകരിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

﴿ إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلْمُتَطَهِّرِينَ ﴾ البقرة: ٢٢٢

“തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു.” (ബഖറ: 222)

മുഫസ്സിറുകൾ പറഞ്ഞു: “മ്ലേഛരതകളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും അകന്നു നിൽക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.” (തഫ്സീറുൽ മുയസ്സർ)

3- അല്ലാഹു ശുദ്ധി സ്വീകരിക്കുന്നവരെ പുകഴ്ത്തിയിരിക്കുന്നു.

﴿لَّمَسْجِدٌ أُسِّسَ عَلَى ٱلتَّقْوَىٰ مِنْ أَوَّلِ يَوْمٍ أَحَقُّ أَن تَقُومَ فِيهِ ۚ فِيهِ رِجَالٌ يُحِبُّونَ أَن يَتَطَهَّرُوا۟ ۚ وَٱللَّهُ يُحِبُّ ٱلْمُطَّهِّرِينَ ﴾ التوبة: ١٠٨

“ആദ്യ ദിവസം തന്നെ ഭക്തിയിൻമേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളിയാണ് നീ നിന്നു നമസ്കരിക്കുവാൻ ഏറ്റവും അർഹതയുള്ളത്. ശുദ്ധികൈവരിക്കുവാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട് ആ പള്ളിയിൽ. ശുദ്ധികൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.” (തൗബ: 108)

മദീനയിലെ മസ്ജിദു ഖുബാഅ് ആണ് ആയത്തിൽ പരാമർശിക്കപ്പെട്ട പള്ളി. “അങ്ങേയറ്റം സൂക്ഷ്മത പാലിച്ചു കൊണ്ടും അല്ലാഹുവിനോട് ധാരാളമായി പശ്ചാത്തപിച്ചു കൊണ്ടും തിന്മകളിൽ നിന്ന് സ്വന്തത്തെ ശുദ്ധീകരിക്കുന്നത് പോലെ, (ശരീരത്തിലും മറ്റുമുള്ള) മാലിന്യവും മ്ലേഛരതകളും വെള്ളം കൊണ്ട് കഴുകി ശുദ്ധീകരിക്കാൻ ഇഷ്ടപ്പെടുന്നവരാണ് ആ മസ്ജിദിലുള്ളത്. അല്ലാഹു അങ്ങനെ ശുദ്ധി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു” എന്നാണ് ആയത്തിന്റെ ഉദ്ദേശം. (തഫ്സീറുൽ മുയസ്സർ)

# വെള്ളം

## 1. ഇസ്‌ലാമിക കർമ്മശാസ്ത്രത്തിൽ വെള്ളം എത്ര രൂപത്തിലുണ്ട്?

ചെറിയ അശുദ്ധിയിൽ നിന്ന് വുദു എടുത്തു കൊണ്ട് ശുദ്ധിയാകാനും, വലിയ അശുദ്ധിയിൽ നിന്ന് കുളിച്ച് ശുദ്ധിയാകാനും വെള്ളം അനിവാര്യമാണല്ലോ? എന്നാൽ ഏതെല്ലാം വെള്ളം കൊണ്ടാണ് വുദു എടുക്കാനും കുളിക്കാനും കഴിയുക എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ രണ്ട് പ്രബലമായ അഭിപ്രായങ്ങളുണ്ട്.

**ഒന്ന്:** ത്വഹൂർ (المَـاءُ الطَّهُـورُ), ത്വാഹിർ (المَـاءُ الطَّاهِـرُ), നജിസ് (المَـاءُ النَّجِـسُ) എന്നിങ്ങനെ മൂന്ന് രൂപത്തിൽ വെള്ളം തരംതിരിക്കാം. നാല് മദ്ഹബുകളുടെയും പൊതുവെയുള്ള അഭിപ്രായം ഇതാണ്.

ത്വഹൂർ എന്നാൽ ശുദ്ധീകരിക്കാൻ ഉപയോഗിക്കാവുന്ന വെള്ളം; ഉദാഹരണത്തിന് മഴവെള്ളം. ത്വാഹിർ എന്നാൽ സ്വയം ശുദ്ധിയുള്ളതാണെങ്കിലും, വുദുവെടുക്കാനോ കുളിക്കാനോ ഉപയോഗിക്കാൻ സാധ്യമല്ലാത്ത വെള്ളം; പാൽവെള്ളമോ സുർക്കയിലെ വെള്ളമോ ഉദാഹരണം. നജിസ് എന്നാൽ മലിനമായ, ശുദ്ധീകരിക്കാൻ ഉപയോഗിക്കുക സാധ്യമല്ലാത്ത വെള്ളം.

ഇപ്രകാരം വെള്ളം മൂന്ന് ഇനങ്ങളുണ്ട് എന്ന് തരംതിരിക്കാനുള്ള തെളിവുകളിൽ ഒന്ന് അബൂ ഹുറൈറ -ﷺ- വിന്റെ പ്രസിദ്ധമായ ഹദീഥാണ്.

عَنْ أَبِي هُرَيْرَةَ -رَضِيَ اللَّـهُ عَنْهُ-: أَنَّ النَّبِيَّ -ﷺ- سُئِلَ عَنْ مَاءِ البَحْرِ، فَقَالَ: «هُوَ الطَّهُورُ مَاؤُهُ»

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- യോട് സമുദ്രത്തിലെ വെള്ളത്തെ കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു: “അതിലെ വെള്ളം; അത് ത്വഹൂറാണ്.” (അബൂദാവൂദ്: 83, തിർമിദി: 69, ഇബ്നു മാജഃ: 386, നസാഈ: 59, അഹ്മദ്: 8720, ഹദീഥി

ന്റെ സനദുകളിൽ വ്യത്യസ്ത ചർച്ചകളുണ്ടെങ്കിലും പണ്ഡിതന്മാർ പൊതുവെ സ്വീകാര്യതയോടെ നിവേദനം ചെയ്ത ഹദീഥുകളിലൊന്നാണിത് എന്ന് ഇബ്നു അബ്ദിൽ ബർറ് -ﷺ- പറഞ്ഞിട്ടുണ്ട്. (തംഹീദ്: 16/217))

ഈ ഹദീഥിനെ അടിസ്ഥാനപ്പെടുത്തി കൊണ്ട് ചിലർ പറഞ്ഞു: സമുദ്രത്തിലെ വെള്ളം നജിസല്ല; ശുദ്ധിയുള്ളതാണ് എന്ന കാര്യം സ്വഹാബികൾക്ക് അറിയാമായിരുന്നു എന്നതിൽ സംശയമില്ല.

സമുദ്രവെള്ളം വുദു എടുക്കാൻ സാധിക്കുന്ന ത്വഹൂറാണോ, സാധ്യമല്ലാത്ത ത്വാഹിറാണോ എന്ന് അറിയുന്നതിന് വേണ്ടിയാണ് അവർ നബി -ﷺ- യോട് ഇപ്രകാരം ചോദിച്ചത്. അതിൽ നിന്ന് വെള്ളം ത്വഹൂറും നജിസും എന്നതിനൊപ്പം ത്വാഹിർ എന്ന ഇനം കൂടി ഉണ്ട് എന്ന് മനസ്സിലാക്കാം.

ഇതല്ലാതെയും മറ്റു ചില തെളിവുകൾ ഈ അഭിപ്രായം പറഞ്ഞവർക്കുണ്ട്. അവ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ വിശദീകരിക്കപ്പെട്ടതായി കാണാം.

**രണ്ട്:** ത്വഹൂർ (الْمَاءُ الطَّهُورُ), നജിസ് (الْمَاءُ النَّجِسُ) എന്നിങ്ങനെ രണ്ട് രൂപത്തിൽ വെള്ളം തരംതിരിക്കാം. ഹനഫികളിൽ ചിലരുടെ അഭിപ്രായം ഇപ്രകാരമാണ്. ഇബ്നു തൈമിയ്യഃ, ഇബ്നു ബാസ്, ഇബ്നു ഉസൈമീൻ തുടങ്ങിയവർ സ്വീകരിച്ച അഭിപ്രായം ഇതാണ്.

ഖുർആനിലും ഹദീഥിലും ശുദ്ധീകരിക്കാനുള്ള വെള്ളത്തെ കുറിച്ച് നിരുപാധികമായി വെള്ളം (الْمَاءُ الْمُطْلَقُ) എന്നല്ലാതെ മറ്റൊന്നും വിശേഷിപ്പിച്ചിട്ടില്ല. അതിൽ ശുദ്ധീകരിക്കാവുന്നതും അല്ലാത്തതുമുണ്ടെന്ന് ഖുർആനോ സുന്നത്തോ അറിയിക്കുന്നില്ല. അതിനാൽ നിരുപാധികമായി വെള്ളം എന്ന് ഏതൊന്നിനെ കുറിച്ച് പറയാമോ, അതെല്ലാം ത്വഹൂറാണ്.

വെള്ളത്തിൽ ശുദ്ധിയുള്ള ഇലകളോ പാനീയമോ മറ്റെന്തെങ്കിലും വീഴുകയും, അതിന്റെ നിറത്തിനോ മണത്തിനോ മറ്റോ വ്യത്യാസം വരികയും ചെയ്താലും -വെള്ളം എന്ന് അതിനെ കുറിച്ച് പറയാവുന്നിടത്തോളം- അത് ത്വഹൂർ തന്നെയാണ്. ഉദാഹരണത്തിന് കിണറ്റിലെ വെള്ളത്തിൽ ഇലകൾ വീണത് കാരണത്താൽ അതിന്റെ നിറം മാറിയാലും വെള്ളം എന്ന് വിളിക്കാവുന്ന രൂപത്തിലാണ് അതുള്ളത് എങ്കിൽ ശുദ്ധീകരിക്കാൻ അത് ഉപയോഗപ്പെടുത്താം.

എന്നാൽ വെള്ളത്തിൽ ശുദ്ധിയുള്ള എന്തെങ്കിലും കൂടിക്കലർ

ന്നത് കാരണത്താൽ അതിന്റെ രൂപം മാറുകയും, വെള്ളം എന്ന പേര് അതിന് നഷ്ടപ്പെടുകയും ചെയ്തുവെന്നാണെങ്കിൽ അത് കൊണ്ട് ശുദ്ധീകരിക്കാനാവില്ല. എന്നാൽ അതിനെ വെള്ളം എന്ന് വിളിക്കാൻ പറ്റില്ലെന്നത് കൊണ്ട് വെള്ളത്തിന്റെ ഇനങ്ങളിൽ അതിനെ ഉൾപ്പെടുത്തേണ്ടതുമില്ല.

ഉദാഹരണത്തിന് കുറച്ച് വെള്ളം പാലിൽ കലക്കിയാൽ പിന്നെ അതിനെ വിളിക്കുക പാൽ എന്നാണ്; വെള്ളമെന്നല്ല. അതു കൊണ്ട് ശുദ്ധീകരിക്കാൻ കഴിയുമോ എന്ന ചർച്ചക്കേ പ്രസക്തിയില്ല; കാരണം അത് വെള്ളത്തിൽ ഉൾപ്പെടുന്നില്ല.

ഇപ്രകാരം ഈ ചർച്ചയുടെ വിശദാംശങ്ങൾ ഫിഖ്ഹിന്റെ ഗ്രന്ഥങ്ങളിൽ സുവിസ്തരം രേഖപ്പെടുത്തപ്പെട്ടതായി കാണാം.

ഇത്രയും ചുരുക്കി പറയാം: ശുദ്ധീകരിക്കാവുന്ന വെള്ളവും, ശുദ്ധീകരിക്കാൻ കഴിയാത്ത വെള്ളവുമുണ്ട്. ത്വഹൂർ ശുദ്ധീകരിക്കാൻ ഉപയോഗിക്കാവുന്ന വെള്ളമാണ് എന്നതിൽ അഭിപ്രായവ്യത്യാസമില്ല. നജിസ് ശുദ്ധീകരിക്കാൻ കഴിയാത്ത വെള്ളവും. ഇതിനിടയിൽ ത്വാഹിറായ വെള്ളം ഉണ്ടോ എന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. സ്വയം ശുദ്ധിയുണ്ടെങ്കിലും ശുദ്ധീകരിക്കാൻ കഴിയാത്ത വെള്ളമാണ് ത്വാഹിർ. വല്ലാഹു അഅ്ലം.

## 2. ശുദ്ധീകരണത്തിന് ഉപയോഗിക്കാവുന്ന വെള്ളം ഏതെല്ലാമാണെന്ന് ഉദാഹരണങ്ങളിലൂടെ വിവരിക്കാമോ?

വുദുവെടുക്കാനും, കുളിക്കാനും ഉപയോഗിക്കാവുന്ന വെള്ളത്തിന് ത്വഹൂർ എന്നാണ് പറയുക. കഴിഞ്ഞ ഉത്തരത്തിൽ അക്കാര്യം നാം വിശദീകരിച്ചിരുന്നു.

ഭൂമിയിൽ ശുദ്ധീകരണത്തിനായുള്ള വെള്ളം അല്ലാഹു പല രൂപങ്ങളിൽ ഒരുക്കി തന്നിരിക്കുന്നു. അവയെല്ലാം ശുദ്ധീകരണത്തിന് ഉപയോഗിക്കാം എന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമുണ്ട്.

قَالَ ابْنُ رُشْدٍ: «أَجْمَعَ العُلَمَاءُ عَلَى أَنَّ جَمِيعَ أَنْوَاعِ المِيَاهِ طَاهِرَةٌ فِي نَفْسِهَا مُطَهِّرَةٌ لِغَيْرِهَا، إِلَّا مَاءَ البَحْرِ؛ فَإِنَّ فِيهِ خِلَافًا فِي الصَّدْرِ الأَوَّلِ شَاذًّا»

ഇബ്നു റുശ്ദ് -ﷺ- പറഞ്ഞു: "സമുദ്രവെള്ളത്തിന്റെ കാര്യത്തിൽ വളരെ ഒറ്റപ്പെട്ട അഭിപ്രായവ്യത്യാസം ആദ്യകാലത്തുണ്ടായ

ത് ഒഴിച്ചു നിർത്തിയാൽ, (ത്വഹൂറായ) വെള്ളം ഏതു രൂപത്തിലുള്ള താകട്ടെ, അവയെല്ലാം ശുദ്ധിയുള്ളതും, ശുദ്ധീകരിക്കാൻ ഉപയോ ഗിക്കാവുന്നതും ആണെന്നതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാ രാണ്." (ബിദായതുൽ മുജ്തഹിദ്: 23/1)

താഴെ പറയുന്നവ ശുദ്ധീകരണത്തിന് ഉപയോഗിക്കാവുന്ന ത്വ ഹൂറായ വെള്ളത്തിന്റെ ചില ഉദാഹരണങ്ങളാണ്.

1- മഴവെള്ളം.

2- സമുദ്രത്തിലെ വെള്ളം.

3- നദികൾ, അരുവികൾ തുടങ്ങിയവയിലെ വെള്ളം.

4- കിണറുകളിലെ വെള്ളം.

5- മഞ്ഞ്, ആലിപ്പഴം തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന വെള്ളം.

6- ഉറവകളിലെ വെള്ളം.

7- സംസം വെള്ളം.

### 3. ശേഖരിച്ച മഴവെള്ളം കൊണ്ട് വുദു എടുക്കാമോ?

മഴവെള്ളം ശുദ്ധീകരിക്കാൻ കഴിവുള്ളതാണെന്ന് അല്ലാഹു ഖുർആനിൽ അറിയിച്ചിട്ടുണ്ട്. മഴ പെയ്തു കൊണ്ടിരിക്കുമ്പോൾ അതിൽ നിന്ന് വുദു എടുക്കുന്നതും, കുളിക്കുന്നതും അനുവദനീയ മാണ്. ഇതേ പോലെ മഴ വെള്ളം ശേഖരിച്ച ശേഷം അതു കൊണ്ട് വുദു എടുക്കുന്നതും അനുവദനീയമാണ്.

﴿ وَيُنَزِّلُ عَلَيْكُم مِّنَ ٱلسَّمَآءِ مَآءً لِّيُطَهِّرَكُم بِهِۦ ﴾ الأنفال: ١١

"നിങ്ങളെ ശുദ്ധീകരിക്കുന്നതിന് ആകാശത്ത് നിന്ന് നിങ്ങ ൾക്ക് മേൽ അവൻ വെള്ളം വർഷിക്കുന്നു." (അൻഫാൽ: 11)

അല്ലാഹു -(tha)- പറഞ്ഞു:

﴿ وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً طَهُورًا ﴿٤٨﴾ ﴾ الفرقان: ٤٨

"ആകാശത്ത് നിന്ന് ശുദ്ധമായ ജലം നാം ഇറക്കുകയും ചെ യ്തിരിക്കുന്നു." (ഫുർഖാൻ: 48)

വുദുവെടുക്കാനും, കുളിക്കാനും ഉപയോഗിക്കാവുന്ന വെള്ള ത്തിന് ത്വഹൂർ എന്നാണ് പറയുക. കഴിഞ്ഞ ഉത്തരത്തിൽ അക്കാ ര്യം നാം വിശദീകരിച്ചിരുന്നു.

## 4. കടൽവെള്ളം കൊണ്ട് ശുദ്ധീകരിക്കാൻ പാടുണ്ടോ?

عَنْ أَبِي هُرَيْرَةَ قَالَ: جَاءَ رَجُلٌ إِلَى رَسُولِ اللَّـهِ -ﷺ- فَقَالَ: يَا رَسُولَ اللَّـهِ إِنَّا نَرْكَبُ الْبَحْرَ، وَنَحْمِلُ مَعَنَا الْقَلِيلَ مِنَ الْمَاءِ، فَإِنْ تَوَضَّأْنَا بِهِ عَطِشْنَا، أَفَنَتَوَضَّأُ مِنْ مَاءِ الْبَحْرِ؟ فَقَالَ رَسُولُ اللَّـهِ -ﷺ-: «هُوَ الطَّهُورُ مَاؤُهُ، الْحِلُّ مَيْتَتُهُ»

അബൂ ഹുറൈറ -﵁- നിവേദനം: ഒരാൾ നബി -ﷺ- യോട് ചോദിക്കുകയുണ്ടായി: "അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ സമുദ്രത്തിൽ സഞ്ചരിക്കാറുണ്ട്. വളരെ കുറച്ചു വെള്ളമേ ഞങ്ങൾ കൂടെ കരുതാറുള്ളൂ. അതു കൊണ്ട് വുദു എടുത്താൽ ദാഹം ഞങ്ങളെ പിടികൂടും. അതിനാൽ ഞങ്ങൾ സമുദ്രത്തിലെ വെള്ളം കൊണ്ട് വുദു എടുക്കട്ടെയോ?"

നബി -ﷺ- പറഞ്ഞു: "സമുദ്രം; അതിലെ വെള്ളം ശുദ്ധീകരിക്കാനുള്ളതും, അതിലെ ശവം (ഭക്ഷിക്കാൻ) അനുവദിക്കപ്പെട്ടതുമാണ്." (അബൂദാവൂദ്: 83, തിർമിദി: 69, നസാഇൗ: 59, ഇബ്നു മാജ: 386, തിർമിദി, ഇബ്നു ഹിബ്ബാൻ, നവവി, ഇബ്നു അബ്ദിൽ ബർറ്, ഇബ്നുൽ ഇറാഖി, അഹ്മദ് ശാകിർ, അൽബാനി തുടങ്ങിയവർ സ്വഹീഹ് എന്ന് വിലയിരുത്തി.)

ഈ ഹദീഥ് നിവേദനം ചെയ്ത ശേഷം ഇമാം തിർമിദി -ؒ- പറഞ്ഞു: "(സമുദ്രത്തിലെ വെള്ളം ശുദ്ധീകരിക്കാൻ കഴിവുള്ളതാണെന്ന അഭിപ്രായം) സ്വഹാബികളിലെ ബഹുഭൂരിപക്ഷം പേരുടെയും അഭിപ്രായമാണ്. അബൂബക്ർ, ഉമർ, ഇബ്നു അബ്ബാസ് തുടങ്ങിയവർ അവരിൽ പെട്ടവരാണ്. അതിൽ യാതൊരു കുഴപ്പവും അവർ കണ്ടിരുന്നില്ല." ശേഷം സ്വഹാബികളിൽ ഇതിന് വിരുദ്ധമായ അഭിപ്രായം പറഞ്ഞ ചിലരുടെ പേരുകൾ കൂടി അദ്ദേഹം നൽകിയിട്ടുണ്ട്. (തിർമിദി: 1/100)

സ്വഹാബികളുടെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന ഈ അഭിപ്രായഭിന്നത വളരെ ഒറ്റപ്പെട്ടതായിരുന്നുവെന്നും പിന്നീട് പണ്ഡിതന്മാർക്കിടയിൽ സമുദ്രവെള്ളം ശുദ്ധീകരിക്കാൻ കഴിവുള്ളതാണെന്നതിൽ ഏകാഭിപ്രായം ഉണ്ടായിട്ടുണ്ടെന്നും ഇബ്നു റുശ്ദ് -ؒ- വിശദീകരിച്ചതായി കാണാം.

അദ്ദേഹം പറഞ്ഞു: "സമുദ്രവെള്ളത്തിന്റെ കാര്യത്തിൽ വളരെ ഒറ്റപ്പെട്ട അഭിപ്രായവ്യത്യാസം ആദ്യകാലത്തുണ്ടായത് ഒഴിച്ചു നിർത്തിയാൽ, (ത്വഹൂറായ) വെള്ളം ഏതു രൂപത്തിലുള്ളതാകട്ടെ, അവ

യെല്ലാം ശുദ്ധിയുള്ളതും, ശുദ്ധീകരിക്കാൻ ഉപയോഗിക്കാവുന്നതും ആണെന്നതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്." (ബിദായതുൽ മുജ്തഹിദ്: 23/1)

## 5. നദികളിലെയും കിണറിലെയും വെള്ളം ശുദ്ധീകരണത്തിന് ഉപയോഗിക്കാമോ?

നദികളിലെ വെള്ളം ശുദ്ധീകരണത്തിന് ഉപയോഗിക്കാവുന്നതാണ് എന്നതാണ് അടിസ്ഥാനനിയമം.

അല്ലാഹു പറയുന്നു:

﴿وَسَخَّرَ لَكُمُ الْأَنْهَارَ ﴿٣٢﴾﴾ إبراهيم: ٣٢

"നദികളെയും അവൻ (അല്ലാഹു) നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു." (ഇബ്രാഹീം: 32)

നദികളിലെ വെള്ളം ശുദ്ധിയുള്ളതാണ് എന്നതിന് ഈ ആയത്ത് തെളിവാണ്. കാരണം നജസായ ഒരു വസ്തു നൽകിയെന്നത് അല്ലാഹു അനുഗ്രഹമായി എടുത്തു പറയുകയില്ലല്ലോ?

കിണറ്റിലെ വെള്ളവും ശുദ്ധീകരിക്കാൻ ഉപയോഗിക്കാവുന്നതാണ്.

عَنْ أَبِي سَعِيدٍ الخُدْرِيِّ رَضِيَ اللَّـهُ عَنْهُ أَنَّهُ قَالَ: قِيلَ: يَا رَسُولَ اللهِ، أَنَتَوَضَّأُ مِنْ بِئْرِ بُضَاعَةَ؟ -وَهِيَ بِئْرٌ يُلْقَى فِيهَا الحِيَضُ وَلُحُومُ الكِلَابِ وَالنَّتْنُ، فَقَالَ رَسُولُ اللَّـهِ -ﷺ-: «**إِنَّ الماءَ طَهورٌ لا يُنجِّسُه شيءٌ**»

അബൂ സഈദ് അൽ ഖുദ്‌രി -ؓ- നിവേദനം: നബി -ﷺ- യോട് ചിലർ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! ബുദ്വാഅഃ കിണറിൽ നിന്ന് ഞങ്ങൾ വുദു എടുത്തു കൊള്ളട്ടെ?" ആർത്തവകാരി ഉപയോഗിക്കുന്ന തുണിയും, നായയുടെ മാംസവും, ചീഞ്ഞ വസ്തുക്കളും ആളുകൾ അതിൽ കൊണ്ടിടാറുള്ള കിണറാണ് ബുദ്വാഅഃ.

അപ്പോൾ നബി -ﷺ- പറഞ്ഞു: "തീർച്ചയായും വെള്ളം ശുദ്ധീകരിക്കാൻ കഴിവുള്ളതാണ്. അതിനെ ഒന്നും തന്നെ അശുദ്ധമാക്കുകയില്ല." (അബൂദാവൂദ്: 66, തിർമിദി: 66, നസാഈ: 326, അഹ്മദ്: 11275, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

ഈ ഹദീഥിൽ നിന്ന് കിണർ വെള്ളം ശുദ്ധിയുള്ളതാണ് എന്ന് മനസ്സിലാക്കാം. കിണറ്റിൽ എന്തെങ്കിലും നജസായ വസ്തു വീഴുക

യോ കൊണ്ടിടുകയോ ചെയ്യുകയും, ആ നജസ് കാരണത്താൽ വെള്ളത്തിന്റെ നിറത്തിനോ മണത്തിനോ രുചിക്കോ മാറ്റം സംഭവിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വെള്ളം ശുദ്ധിയുള്ളതാണെന്നും ഈ ഹദീഥിൽ നിന്ന് മനസ്സിലാക്കാം.

## 6. സംസം വെള്ളം വുദു എടുക്കാനും കുളിക്കാനും ഉപയോഗിക്കാമോ?

അനുഗ്രഹീതമായ വെള്ളമാണ് സംസം വെള്ളം. ഇസ്‌ലാമിന്റെ ചരിത്രത്തിൽ സംസമിന് മഹത്തരമായ സ്ഥാനവും പങ്കുമുണ്ട്. സംസം ഒരേ സമയം വിശക്കുന്നവന് ഭക്ഷണവും, കുടിക്കുന്നവന് പാനീയവുമാണെന്ന് നബി -ﷺ- അറിയിച്ചതായി കാണാം.

സംസം വെള്ളം വുദു എടുക്കാനും കുളിക്കാനും ഉപയോഗിക്കുന്നത് അനുവദനീയമാണ്. നാല് മദ്ഹബുകളും ഇക്കാര്യത്തിൽ യോജിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ഇജ്മാഉണ്ട് എന്നും ചില പണ്ഡിതന്മാർ ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

ഇമാം ഹത്വാബ് -رحمه الله- പറഞ്ഞു: "അവയവങ്ങളിൽ (മാലിന്യമില്ലാതെ) ശുദ്ധിയുള്ള വ്യക്തി സംസം കൊണ്ട് വുദു എടുക്കുന്നത് അനുവദനീയമാണെന്നതിൽ അഭിപ്രായവ്യത്യാസമുള്ളതായി എനിക്കറിയില്ല. മറിച്ച്, സംസം കൊണ്ട് വുദു എടുക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെട്ട മുസ്തഹബ്ബായ കാര്യമാണെന്ന് വരെ ഇബ്നു ഹുബൈബിനെ പോലുള്ളവരിൽ നിന്ന് ചിലർ നിവേദനം ചെയ്തിട്ടുണ്ട്. സം സം കൊണ്ട് കുളിക്കുന്ന വിഷയവും ഇതു പോലെ തന്നെ." (മവാഹിബുൽ ജലീൽ: 1/64)

നബി -ﷺ- സംസം വെള്ളം കൊണ്ട് വുദു എടുത്തത് ഹദീഥുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

عَنْ عَلِيٍّ رَضِيَ اللَّـهُ عَنْهُ: أَنَّ النَّبِيَّ -ﷺ- دَعَا بِسَجْلٍ مِنْ مَاءِ زَمْزَمَ، فَشَرِبَ مِنْهُ وَتَوَضَّأَ.

അലി -رضي الله عنه- നിവേദനം: നബി -ﷺ- ഒരു പ്രാത്രത്തിൽ സംസം വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അവിടുന്ന് അതിൽ നിന്ന് കുടിക്കുകയും, വുദു എടുക്കുകയും ചെയ്തു." (അഹ്മദ്: 564, ഹദീഥിന്റെ സനദ് ഹസനാണെന്ന് അൽബാനി വിലയിരുത്തിയിട്ടുണ്ട്.)

## 7. നജസ് വൃത്തിയാക്കാൻ സംസം വെള്ളം ഉപയോഗിക്കാമോ?

സംസം വെള്ളം കൊണ്ട് നജസ് വൃത്തിയാക്കിയാൽ അത് ശരിയാകുന്നതാണ്. നാല് മദ്ഹബുകളും ഈ വിഷയത്തിൽ ഒരേ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്. കാരണം;

1- സംസം കൊണ്ട് നജസ് നീക്കുന്നത് തടയുന്ന ഒരു തെളിവുമില്ല.

2- ഖുറൈശികളുടെ ഉപദ്രവമേറ്റ് ശരീരത്തിൽ രക്തം പുരണ്ടപ്പോൾ സ്വഹാബിയായ അബൂദർറ് -ﷺ- സംസം കൊണ്ടാണ് തന്റെ രക്തം വൃത്തിയാക്കിയത് എന്ന് ചരിത്രത്തിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

3- അസ്മാഅ് ബിൻത് അബീബക്ർ -ﷺ- വെട്ടുകളേറ്റു വികൃതമാക്കപ്പെട്ട തന്റെ മകനായ അബ്ദുല്ലാഹി ബ്നു സുബൈറിന്റെ മൃതശരീരം കഴുകിയത് സംസം വെള്ളം കൊണ്ടായിരുന്നു. സ്വഹാബികളിൽ പലരും ഈ രംഗത്തിന് സാക്ഷികളാവുകയും ചെയ്തിട്ടുണ്ട്. അവരാരും ഈ പ്രവൃത്തിയെ എതിർത്തിട്ടില്ല.

ശൈഖ് ഇബ്നു ബാസ് -ﷺ- പറഞ്ഞു: “വളരെ അനുഗ്രഹീതമായ വെള്ളമാണ് സംസം. അതു കൊണ്ട് വുദു എടുക്കുകയോ, കുളിക്കുകയോ, നജസ് നീക്കുകയോ ചെയ്യുന്നതിൽ കുഴപ്പമില്ല. ഇത് വെറുക്കപ്പെട്ട മക്റൂഹായ കാര്യമാണെന്ന് അഭിപ്രായപ്പെട്ട ചില കർമ്മശാസ്ത്ര പണ്ഡിതന്മാരുടെ വാദം ദുർബലവും, അസ്വീകാര്യവുമാണ്.” (നൂറുൻ അലദ്ദർബ്: 5/306)

## 8. ചൂടുവെള്ളം കൊണ്ട് ശുദ്ധീകരിക്കുന്നത് അനുവദനീയമാണോ?

തീ കൊണ്ടോ, ഹീറ്റർ ഉപയോഗിച്ചോ ചൂടാക്കിയ വെള്ളം കൊണ്ട് വുദു എടുക്കുന്നതും, കുളിക്കുന്നതും അനുവദനീയമാണ്. കഠിന ശൈത്യമുള്ള സന്ദർഭത്തിൽ തണുപ്പ് വെള്ളം ഉപയോഗിക്കുന്നത് ശരീരത്തിന് ഉപദ്രവകരമാണെങ്കിൽ നിസ്കാരത്തിന് വേണ്ടി വെള്ളം ചൂടാക്കിയ ശേഷം വുദു എടുക്കുക എന്നത് നിർബന്ധമാകുന്നതാണ്.

عَنْ عُمَرَ بْنِ الخَطَّابِ رَضِيَ اللَّـهُ عَنْهُ: أَنَّهُ كَانَ يَتَوَضَّأُ بِالحَمِيمِ، وَيَغْتَسِلُ مِنْهُ.

ഉമർ -ﷺ- ചൂടു വെള്ളം കൊണ്ട് വുദു എടുക്കുകയും കുളിക്കുകയും ചെയ്യാറുണ്ടായിരുന്നു. (ബുഖാരി മുഅല്ലഖായി: 193 ാം ഹദീഥിന് മുൻപ്, മുസ്വന്നഫ് അബ്ദി റസാഖ്: 675)

عَنِ ابْنِ عُمَرَ رَضِيَ اللَّـهُ عَنْهُمَا: أَنَّهُ كَانَ يَتَوَضَّأُ بِالمَاءِ الحَمِيمِ.

ഇബ്നു ഉമർ -ﷺ- ചൂടു വെള്ളം കൊണ്ട് വുദു എടുക്കാറുണ്ടായിരുന്നു. (മുസ്വന്നഫ് അബ്ദി റസാഖ്: 676, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

عَنِ ابْنِ عَبَّاسٍ رَضِيَ اللَّـهُ عَنْهُمَا أَنَّهُ قَالَ: «لَا بَأْسَ أَنْ يُغْتَسَلَ بِالحَمِيمِ وَيُتَوَضَّأَ مِنْهُ»

ഇബ്നു അബ്ബാസ് -ﷺ- പറഞ്ഞു: "ചൂടു വെള്ളം കൊണ്ട് വുദു എടുക്കുകയും, കുളിക്കുകയും ചെയ്യുന്നതിൽ കുഴപ്പമില്ല." (മുസ്വന്നഫ് അബ്ദിൽ റസാഖ്: 677)

ഈ അഭിപ്രായം പണ്ഡിതന്മാർക്കിടയിൽ ഇജ്മാഉള്ളതാണെന്ന് ഇബ്നു തൈമിയ്യ -ﷺ- പറഞ്ഞിട്ടുണ്ട്. (മജ്മൂഉൽ ഫതാവാ: 21//72)

### 9. വെയിലേറ്റ വെള്ളം ശുദ്ധീകരിക്കാൻ എടുക്കരുതെന്ന് ചിലർ പറയുന്നു; ശരിയാണോ?

പാത്രത്തിലോ കിണറ്റിലോ വീടിന് മുകളിലുള്ള ടാങ്കിലോ കുളത്തിലോ മറ്റോ ഉള്ള വെള്ളം വെയിൽ കൊണ്ട് ചൂടായാൽ അതു കൊണ്ട് ശുദ്ധീകരിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

ചൂടായ വെള്ളം കൊണ്ട് ശുദ്ധീകരിക്കുന്നത് വെറുക്കപ്പെട്ട മക്റൂഹായ കാര്യമാണെന്നും, അത് ഉപേക്ഷിക്കുന്നതാണ് നല്ലതെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത അഭിപ്രായത്തിന് വ്യക്തമായ തെളിവില്ല.

ഹമ്പലീ മദ്ഹബിന്റെയും ദ്വാഹിരിയ്യാക്കളുടെയും മദ്ഹബ് ഇപ്രകാരമാണ്. മാലികീ മദ്ഹബിലെ ഒരു അഭിപ്രായവും, ശാഫിഈ മദ്ഹബിലെ നിരീക്ഷണങ്ങളിൽ ഒന്നും ഇപ്രകാരമാണ്. ഇമാം നവവി -ﷺ- ഈ അഭിപ്രായമാണ് ശരിയായി തിരഞ്ഞെടുത്തത്. ഇബ്നു തൈമിയ്യഃ, ഇബ്നുൽ ഖയ്യിം തുടങ്ങിയവരുടെ അഭിപ്രായവും, ലജ്നതുദ്ദാഇമഃയുടെ ഫത്‌വയും ഇപ്രകാരം തന്നെ.

ഈ അഭിപ്രായം ശരിയാണെന്ന് പറയാനുള്ള കാരണം:

1- വെയിൽ കൊണ്ട് ചൂടായ വെള്ളം ശുദ്ധീകരണത്തിന് ഉപയോഗിക്കുന്നത് മക്റൂഹാണെന്ന് വിധിക്കാൻ അവലംബയോഗ്യമായ തെളിവുകളില്ല – നവവി.

2- വെയിൽ കൊണ്ട് ചൂടായ വെള്ളം ഉപയോഗിക്കുന്നത് ശരീര

ത്തിന് ഉപദ്രവമുണ്ടാക്കുമെന്ന് ഭിശ്വഗരന്മാരിൽ നിന്നും സ്ഥിരപ്പെട്ടിട്ടില്ല. – നവവി, ഇബ്നുൽ ഖയ്യിം.

3- 'വെയിൽ കൊണ്ട് ചൂടായ വെള്ളം കൊണ്ട് കുളിക്കരുത്; അത് പാണ്ഡ് രോഗമുണ്ടാക്കുന്നതാണ്' എന്ന് ഉമർ -ﷺ- പറഞ്ഞതായി വന്ന നിവേദനം സ്ഥിരപ്പെട്ടിട്ടില്ല. സ്ഥിരപ്പെട്ടാൽ തന്നെയും അത് മതപരമായ വിധി എന്ന നിലക്കല്ലാതെ, അദ്ദേഹം അഭിപ്രായപ്പെട്ട ഭൗതികമായ ഒരു നിർദേശമായി മനസ്സിലാക്കാവുന്നതേ ഉള്ളൂ. – ഇബ്നു തൈമിയ്യ.

## 10. നിഷിദ്ധമായ വെള്ളം കൊണ്ട് ശുദ്ധീകരിക്കുന്നത് ശരിയാകുമോ?

നിഷിദ്ധമായ വെള്ളം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരാൾ അനുവദനീയമല്ലാത്ത വഴിയിലൂടെ നേടിയെടുത്ത വെള്ളമാണ്. ഉദാഹരണത്തിന് മോഷ്ടിച്ചെടുത്തതോ, തട്ടിയെടുത്തതോ ആയ വെള്ളം. ഇപ്രകാരം വെള്ളം മോഷ്ടിക്കുന്നത് തിന്മയും നിഷിദ്ധവുമാണ് എന്നതിൽ സംശയമില്ല.

അത് ശുദ്ധീകരണത്തിനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുന്നതും അനുവദനീയമല്ല. കാരണം മോഷണവും അനർഹമായ സ്വത്ത് സമ്പാദിക്കലുമെല്ലാം ഇസ്‌ലാമിൽ നിഷിദ്ധമായ പ്രവർത്തികളിൽ പെട്ടതാണ്.

എന്നാൽ ഒരാൾ നിഷിദ്ധമായ വെള്ളം കൊണ്ട് വുദു എടുക്കുകയോ, ജനാബത്തിനായി കുളിക്കുകയോ, അതു കൊണ്ട് നജസ് ശുദ്ധീകരിക്കുകയോ ചെയ്താൽ പ്രസ്തുത വുദുവും കുളിയും ശരിയാകുമോ എന്നതാണ് ഇവിടെയുള്ള ചോദ്യം.

വെള്ളം മോഷ്ടിച്ചു എന്നതും, അതു കൊണ്ട് ശുദ്ധീകരിച്ചു എന്നതുമെല്ലാം തെറ്റാണെങ്കിലും വുദുവോ കുളിയോ ശരിയായിട്ടില്ല എന്നു പറയാൻ കഴിയില്ല എന്നതാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. ഹനഫീ മദ്ഹബിലെയും, മാലികീ മദ്ഹബിലെയും, ശാഫിഈ മദ്ഹബിലെയും അഭിപ്രായം ഇപ്രകാരമാണ്.

കാരണം മോഷണം എന്ന പ്രവൃത്തി നിഷിദ്ധമാണെങ്കിലും അതിലൂടെ നിർവ്വഹിക്കുന്ന എല്ലാ കാര്യങ്ങളും നിരർത്ഥകമാണെന്ന് പറയാൻ തെളിവില്ല. നിരോധിക്കപ്പെട്ട പ്രവൃത്തി പാടില്ലെന്ന് പറയാമെന്നല്ലാതെ, അതുമായി ബന്ധപ്പെട്ടു നിൽക്കുന്ന മറ്റു കാര്യങ്ങളെല്ലാം നിരർത്ഥകമാണെന്ന് പറയുന്നത് അടിസ്ഥാനപരമായി ശരിയല്ല.

## 11. വെള്ളം ശുദ്ധിയുള്ളതാണോ അല്ലേ എന്നതിൽ സംശയ മുണ്ടായാൽ എന്തു ചെയ്യണം?

വുദു എടുക്കാനോ കുളിക്കാനോ വേണ്ടി എടുത്ത വെള്ളം ശു ദ്ധിയുള്ളതാണോ നജിസായതാണോ എന്ന സംശയം ചിലർക്ക് ഉണ്ടാകാറുണ്ട്. ബക്കറ്റിൽ വെച്ച വെള്ളത്തിൽ കുട്ടി മൂത്രമൊഴിച്ചിട്ടു ണ്ടായിരിക്കുമോ?, വെള്ളത്തിന്റെ പരിസരത്ത് ഉണ്ടായിരുന്ന എന്തെ ങ്കിലും വസ്തു അതിലേക്ക് വീണിട്ടുണ്ടായിരിക്കുമോ?, എന്നെല്ലാമു ള്ള സംശയങ്ങൾ ഉദാഹരണം.

ഇത്തരം സന്ദർഭത്തിൽ തനിക്ക് ഉറപ്പുണ്ടായിരുന്നത് എന്താ ണോ, അത് സ്വീകരിക്കുകയും, സംശയം തള്ളിക്കളയുകയുമാണ് വേണ്ടത്. 'ഉറപ്പുള്ള കാര്യം സംശയത്തിന്റെ പേരിൽ ഒഴിവാക്കരുത്' (الیَقِــینُ لَا یَــزُولُ بِالشَّــكِّ) എന്ന പൊതുനിയമം ഈ സന്ദർഭത്തിൽ പ്രാ യോഗികമാണ്. നാല് മദ്ഹബുകളും പൊതുവെ ഇക്കാര്യത്തിൽ യോജിച്ചിരിക്കുന്നു.

ഉദാഹരണത്തിലൂടെ വിശദമാക്കാം. കിണറ്റിൽ നിന്ന് ശുദ്ധിയു ള്ള വെള്ളം ഒരാൾ ബക്കറ്റിൽ ശേഖരിച്ചു വെച്ചു എന്ന് കരുതുക; തന്റെ ചെറിയ കുട്ടിയെ അടുത്തിരുത്തിയ ശേഷം എന്തെങ്കിലും ആവശ്യത്തിനായി അയാൾ മാറിപ്പോവുകയും ചെയ്തു. തിരിച്ചു വന്നപ്പോൾ കുട്ടി മൂത്രമൊഴിച്ചിരിക്കുന്നു. കുട്ടിയുടെ മൂത്രം ബക്കറ്റി ലെ വെള്ളത്തിൽ കലർന്നിട്ടുണ്ടോ എന്ന സംശയം പിടികൂടിയാൽ എന്തു ചെയ്യണം എന്നതാണ് ചോദ്യം.

ഉത്തരമായി മേലെ സൂചിപ്പിച്ച പൊതുതത്വം പ്രാവർത്തികമാ ക്കി നോക്കാം. വെള്ളം ശുദ്ധിയുള്ളതായിരുന്നു എന്നത് ഉറപ്പുള്ള കാര്യമായിരുന്നു. കുട്ടിയുടെ മൂത്രം വെള്ളത്തിൽ കലർന്നിട്ടുണ്ടായി രിക്കുമോ എന്നത് സംശയമുള്ള കാര്യവും. ഈ സന്ദർഭത്തിൽ ഉറ പ്പുള്ള കാര്യം സ്വീകരിക്കുക; അതായത് വെള്ളം ശുദ്ധിയുള്ളതാ ണെന്ന് മനസ്സിലാക്കുകയും, അതു കൊണ്ട് ശുദ്ധീകരണം നടത്തു കയും ചെയ്യുക.

മറ്റൊരു ഉദാഹരണം കൂടി പറയാം. ഒരാളുടെ പക്കൽ നജസായ കുറച്ചു വെള്ളം ബക്കറ്റിലുണ്ട്. ബക്കറ്റിലെ വെള്ളം പിന്നീട് എടു ത്തു കളയാം എന്ന ഉദ്ദേശത്തിൽ മറ്റെന്തെങ്കിലും കാര്യത്തിലേക്ക് അയാൾ മാറിപ്പോയെന്ന് കരുതുക. തിരിച്ചു വന്നപ്പോൾ താൻ ബക്കറ്റിൽ വെച്ചിരുന്ന നജസായ വെള്ളം ആരെങ്കിലും എടുത്തു

മാറ്റുകയും, ശുദ്ധിയുള്ള വെള്ളം അതിലേക്ക് വെക്കുകയും ചെയ്തിട്ടുണ്ടോ എന്ന് അയാൾക്ക് സംശയമുണ്ടാവുകയും ചെയ്തുവെന്ന് കരുതുക. എന്താണയാൾ ചെയ്യേണ്ടത്?

നേരത്തെ പറഞ്ഞ പൊതുതത്വം ഇവിടെയും പ്രാവർത്തികമാക്കാം. ബക്കറ്റിലുണ്ടായിരുന്ന വെള്ളം നജസാണെന്നത് അയാൾക്ക് ഉറപ്പുള്ള കാര്യമായിരുന്നു. ഇപ്പോൾ ബക്കറ്റിലുള്ള വെള്ളം ശുദ്ധിയുള്ളതാണോ എന്നത് സംശയകരമായ കാര്യവും. ഈ സന്ദർഭത്തിൽ ഉറപ്പുള്ള കാര്യം സ്വീകരിക്കുകയും, സംശയം ഒഴിവാക്കുകയും ചെയ്യുക. അതായത്, വെള്ളം നജസാണെന്ന് മനസ്സിലാക്കുകയും അത് ഒഴിച്ചു കളയുകയും ചെയ്യുക.

ഇത്രയും പറഞ്ഞതിനുള്ള തെളിവ് നബി -ﷺ- യുടെ ഹദീഥാണ്. 'ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങളിലൊന്ന് വിവരിക്കുന്ന, കർമ്മശാസ്ത്രത്തിലെ മഹത്തരമായ പൊതുതത്വം ഉൾക്കൊള്ളുന്ന ഹദീഥ്' എന്ന് ഇമാം നവവി -رحمه الله- വിശേഷിപ്പിച്ച പ്രസ്തുത ഹദീഥ് താഴെ നൽകാം.

عَنْ عَبْدِ اللَّـهِ بْنِ زَيْدٍ الأَنْصَارِيِّ رَضِيَ اللَّـهُ عَنْهُ قَالَ: شُكِيَ إِلَى النَّبِيِّ -ﷺ- الرَّجُلُ، يُخَيَّلُ إِلَيْهِ أَنَّهُ يَجِدُ الشَّيْءَ فِي الصَّلَاةِ، قَالَ: «**لَا يَنْصَرِفُ حَتَّى يَسْمَعَ صَوْتًا، أَوْ يَجِدَ رِيحًا**»

അബ്ദുല്ലാഹി ബ്നു സയ്ദ് ബ്നുൽ അൻസ്വാരീ -رضي الله عنه- നിവേദനം: നിസ്കാരത്തിൽ വുദു നഷ്ടപ്പെട്ടു എന്ന് തോന്നിക്കപ്പെടുന്ന ഒരു വ്യക്തി നബി -ﷺ- യോട് പ്രയാസം ബോധിപ്പിച്ചു. നബി -ﷺ- പറഞ്ഞു: "(കീഴ്ശ്വാസം പോയി എന്ന് ഉറപ്പാകുന്ന തരത്തിൽ) ശബ്ദം കേൾക്കുകയോ മണം അനുഭവപ്പെടുകയോ ചെയ്യുന്നത് വരെ അയാൾ പിരിഞ്ഞു പോകേണ്ടതില്ല." (ബുഖാരി: 137, മുസ്‌ലിം: 361)

ഈ ഹദീഥിൽ വുദു നഷ്ടമായി എന്ന് ഉറപ്പാകുന്നത് വരെ അതിനെതിരെ ഉണ്ടാകുന്ന സംശയത്തെ പരിഗണിക്കേണ്ടതില്ലെന്നും, വുദു ഉണ്ട് എന്ന ഉറപ്പിൽ നിലനിൽക്കാനും നബി -ﷺ- ഉപദേശിക്കുന്നു. ഇത് വെള്ളത്തിന്റെ കാര്യത്തിൽ സംശയമുണ്ടാകുമ്പോഴും സ്വീകരിക്കാവുന്നതാണ്. (ശർഹു മുസ്‌ലിം / നവവി: 4/49)

## 12. ഒരാൾ കുടിച്ച ശേഷം ബാക്കി വന്ന വെള്ളം ഉപയോഗിക്കാമോ?

മനുഷ്യർ കുടിച്ച ശേഷം പ്രാത്രത്തിൽ ബാക്കി വന്ന വെള്ളം ശുദ്ധിയുള്ളതാണ്. ഈ വിധി മനുഷ്യരായ എല്ലാവർക്കും ഒരു പോലെ ബാധകമാണ്. മുസ്‌ലിമെന്നോ കാഫിറെന്നോ ഇക്കാര്യത്തിൽ വ്യത്യാസമില്ല. ജനാബതുകാരനോ ആർത്തവകാരിയോ കുടിച്ച വെള്ളത്തിന്റെ ബാക്കിയാണെങ്കിലും വിധി ഒന്നു തന്നെ. ഇതേ വിധി തന്നെയാണ് കഴിച്ചു ബാക്കി വെച്ച ഭക്ഷണത്തിന്റേതും. നാല് മദ്ഹബുകളും ഈ വിഷയത്തിൽ ഒരേ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്.

عَنْ أَنَسٍ قَالَ: قَدِمَ النَّبِيُّ -ﷺ- الْمَدِينَةَ وَأَنَا ابْنُ عَشْرٍ، وَمَاتَ وَأَنَا ابْنُ عِشْرِينَ، وَكُنَّ أُمَّهَاتِي يَحُثُّنَنِي عَلَى خِدْمَتِهِ، فَدَخَلَ عَلَيْنَا دَارَنَا فَحَلَبْنَا لَهُ مِنْ شَاةٍ دَاجِنٍ، وَشِيبَ لَهُ مِنْ بِئْرٍ فِي الدَّارِ، فَشَرِبَ رَسُولُ اللَّهِ -ﷺ-، فَقَالَ لَهُ عُمَرُ، وَأَبُو بَكْرٍ عَنْ شِمَالِهِ: يَا رَسُولَ اللهِ، أَعْطِ أَبَا بَكْرٍ، فَأَعْطَاهُ أَعْرَابِيًّا عَنْ يَمِينِهِ، وَقَالَ رَسُولُ اللَّهِ -ﷺ-: «**الْأَيْمَنَ فَالْأَيْمَنَ**»

അനസു ബ്നു മാലിക് -رضي الله عنه- വിന്റെ ഹദീഥിൽ നബി -ﷺ- അദ്ദേഹത്തിന്റെ ഭവനം സന്ദർശിച്ച സംഭവം വിശദീകരിച്ചതായി കാണാം. പ്രസ്തുത ഹദീഥിൽ അനസ് -رضي الله عنه- പറയുന്നു: "ഞങ്ങളുടെ വീട്ടിൽ വളർത്തുന്ന ആടിന്റെ പാൽ അവിടുത്തേക്കായി കറക്കുകയും, കിണറ്റിൽ നിന്നുള്ള വെള്ളം അതിൽ കലർത്തിയ ശേഷം അവിടുത്തേക്ക് നൽകുകയും ചെയ്തു.

നബി -ﷺ- അതിൽ നിന്ന് കുടിച്ചു. അബൂബക്ർ -رضي الله عنه- അവിടുത്തെ ഇടതു ഭാഗത്തായി നിൽക്കുന്നുണ്ടായിരുന്നു. ഉമർ -رضي الله عنه- നബി -ﷺ- യോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അബൂബക്റിന് നൽകുക! എന്നാൽ നബി -ﷺ- തന്റെ വലതു ഭാഗത്ത് നിൽക്കുന്ന അഅ്റാബിക്കാണ് നൽകിയത്. ശേഷം അവിടുന്ന് പറഞ്ഞു: "വലതുള്ളവർ ആദ്യം; ശേഷം വലതു നിൽക്കുന്ന അടുത്തയാൾ." (ബുഖാരി: 2352, മുസ്‌ലിം: 2029)

ഈ ഹദീഥിൽ നബി -ﷺ- "വലതുള്ളവർ ആദ്യം; ശേഷം വലതു നിൽക്കുന്ന അടുത്തയാൾ" എന്ന് പറഞ്ഞതിൽ നിന്ന് ഒരാൾ കുടിച്ചതിന്റെ ബാക്കി ശുദ്ധിയുള്ളതാണെന്നും, അതിൽ നിന്ന് മറ്റുള്ളവർക്ക് കുടിക്കാമെന്നും മനസ്സിലാക്കാം.

## 13. ആർത്തവകാരി കുടിച്ച വെള്ളത്തിന്റെ ബാക്കി കുടിക്കാമോ?

മനുഷ്യർ ഉപയോഗിച്ച വെള്ളത്തിന്റെ ബാക്കി ശുദ്ധിയുള്ളതാണ്. ഈ വിധി എല്ലാവർക്കും ഒരു പോലെ ബാധകമാണ്. മുസ്ലിമെന്നോ കാഫിറെന്നോ ഇക്കാര്യത്തിൽ വ്യത്യാസമില്ല. ജനാബതുകാരനോ ആർത്തവകാരിയോ ഉപയോഗിച്ച വെള്ളത്തിന്റെ ബാക്കിയാണെങ്കിലും വിധി ഒന്നു തന്നെ. വെള്ളം ശുദ്ധിയുള്ളതാണ് എന്നതിൽ വ്യത്യാസമില്ല. നാല് മദ്ഹബുകളും ഈ വിഷയത്തിൽ ഒരേ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്.

عَنْ عَائِشَةَ قَالَتْ: كُنْتُ أَشْرَبُ وَأَنَا حَائِضٌ، ثُمَّ أُنَاوِلُهُ النَّبِيَّ -ﷺ- فَيَضَعُ فَاهُ عَلَى مَوْضِعِ فِيَّ، فَيَشْرَبُ، وَأَتَعَرَّقُ الْعَرْقَ وَأَنَا حَائِضٌ، ثُمَّ أُنَاوِلُهُ النَّبِيَّ -ﷺ- فَيَضَعُ فَاهُ عَلَى مَوْضِعِ فِيَّ.

ആഇശ -رضي الله عنها- യുടെ ഹദീഥ് ഈ വിഷയത്തിൽ വ്യക്തമായ തെളിവാണ്. അവർ പറഞ്ഞു: "ഞാൻ ആർത്തവകാരിയായിരിക്കെ പാത്രത്തിൽ നിന്ന് (വെള്ളമോ മറ്റോ) കുടിക്കുകയും, ശേഷം നബി -ﷺ- ക്ക് അത് നൽകുകയും ചെയ്യാറുണ്ടായിരുന്നു.

എന്റെ വായ ഞാൻ വെച്ചയിടത്ത് തന്നെ അവിടുന്ന് തന്റെ വായ വെക്കുകയും, ശേഷം അതിൽ നിന്ന് കുടിക്കുകയും ചെയ്യുമായിരുന്നു. ആർത്തവകാരി ആയിരിക്കെ തന്നെ, കുറച്ചു മാത്രം മാംസമുള്ള എല്ലിൻകഷ്ണം ഞാൻ കടിക്കുകയും, ശേഷം അവിടുത്തേക്ക് നൽകുകയും ചെയ്യുമായിരുന്നു; അപ്പോൾ ഞാൻ എന്റെ വായ വെച്ചയിടത്ത് തന്നെ അവിടുന്ന് തന്റെ വായ വെക്കുമായിരുന്നു." (മുസ്ലിം: 300)

ഈ ഹദീഥിനെ വിശദീകരിച്ചു കൊണ്ട് ഇമാം ശൗകാനി -رحمه الله- പറഞ്ഞു: "ആർത്തവകാരിയുടെ ഉമിനീര് ശുദ്ധിയുള്ളതാണെന്ന് ഈ ഹദീഥ് അറിയിക്കുന്നു. അതിൽ ഒരു അഭിപ്രായവ്യത്യാസം ഉള്ളതായി എനിക്കറിയില്ല. ആർത്തവകാരിയുടെ ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും ശിഷ്ടവും ശുദ്ധിയുള്ളതാണെന്ന് ഈ ഹദീഥ് അറിയിക്കുന്നു. അതിലും അഭിപ്രായവ്യത്യാസമുള്ളതായി എനിക്കറിയില്ല." (നയ്ലുൽ അവ്ത്വാർ: 1/349)

ആർത്തവകാരിയുടെ വസ്ത്രവും അവർ ഉപയോഗിച്ച വസ്തുക്കളും ഭക്ഷണവും പാനീയവുമെല്ലാം അശുദ്ധമാണെന്ന ചിന്ത യ

ഹൂദർക്കുണ്ടായിരുന്നു. നമ്മുടെ നാട്ടിലുള്ള വിഗ്രഹാരാധകരായ ജനങ്ങൾക്കിടയിലും ഇതേ ചിന്താഗതി നിലനിൽക്കുന്നതായി കാണാം.

ശുദ്ധിയുടെ പേരിലുള്ള ഇത്തരം അതിരുകവിഞ്ഞ മാറ്റിനിർത്തലുകളെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ല. അന്യമതസ്ഥരുടെ ആചാരങ്ങളുടെ സ്വാധീനഫലമായി മുസ്‌ലിംകളിൽ ചിലർക്ക് ഇത്തരം ചിന്താഗതികൾ വന്നുപെട്ടിട്ടുണ്ട് എന്നത് സങ്കടകരമാണ്. ഏറ്റവും ശുദ്ധിയുള്ളവരായിരുന്ന നബി -ﷺ- യുടെ മാതൃക പിൻപറ്റാൻ ഒരു മുസ്‌ലിമിനും മടിയുണ്ടായിക്കൂടാ എന്നു മാത്രം അക്കൂട്ടരെ ഓർമ്മപ്പെടുത്തട്ടെ!

## 14. പശു, ആട് പോലുള്ള മൃഗങ്ങൾ തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ?

ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെ ഉമിനീരും, ഇവ കുടിക്കുകയോ ഭക്ഷിക്കുകയോ ചെയ്തതിന്റെ ബാക്കിയും ശുദ്ധിയുള്ളതാണ്. കന്നുകാലികളിൽ പെട്ട ഒട്ടകം, പശു, ആട്, മാൻ, മുയൽ പോലുള്ള മൃഗങ്ങളാണ് ഭക്ഷ്യയോഗ്യമായവ എന്നതു കൊണ്ടുള്ള ഉദ്ദേശം.

ഈ വിഷയത്തിൽ പണ്ഡിതന്മാർക്ക് ഇജ്മാഅ് (ഏകാഭിപ്രായം) ഉള്ളതായി സ്ഥിരപ്പെട്ടിട്ടുണ്ട്. ഇബ്നുൽ മുൻദിർ, ഇബ്നു ഹസ്മ്, ഇബ്നു റുശ്ദ് തുടങ്ങിയവർ അക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇബ്നുൽ മുൻദിർ -رحمه الله- പറയുന്നു: "ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെ ഉമിനീരും, ഭക്ഷണ പാനീയങ്ങളുടെ ബാക്കിയും ശുദ്ധിയുള്ളതാണെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. അതിൽ നിന്ന് കുടിക്കുന്നതും, വുദു എടുക്കുന്നതും അനുവദനീയമാണ്." (ഇജ്മാഅ്: 35)

അദ്ദേഹം തന്നെ പറഞ്ഞു: "ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെ ഉമിനീരും, ഭക്ഷണ പാനീയങ്ങളുടെ ബാക്കിയും ശുദ്ധിയാണെന്ന അഭിപ്രായമാണ് ഈ വിഷയത്തിൽ നമുക്ക് അറിയാവുന്ന പണ്ഡിതന്മാരെല്ലാം പറഞ്ഞിട്ടുള്ളത്." (ഇശ്റാഫ്: 1/160-161)

## 15. നായ, പന്നി എന്നീ ജീവികൾ തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ?

നായയും പന്നിയും ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്തതിന്റെ ബാക്കി നജിസാണ് എന്ന് ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. ഹനഫീ, ശാഫിഈ, ഹമ്പലീ മദ്ഹബുകളി

ലെ അഭിപ്രായം ഇപ്രകാരമാണ്.

നായയുടേത് നജിസാണെന്നതിനുള്ള തെളിവ് നബി -ﷺ- യുടെ ഹദീഥാണ്. അവിടുന്ന് പറഞ്ഞു:

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «إِذَا وَلَغَ الْكَلْبُ فِي إِنَاءِ أَحَدِكُمْ فَلْيُرِقْهُ ثُمَّ لِيَغْسِلْهُ سَبْعَ مِرَارٍ»

അബൂ ഹുറൈറ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങളിൽ ആരുടെയെങ്കിലും പാത്രത്തിൽ നായ തലയിട്ടാൽ അത് അവൻ ഒഴിച്ചു കളയട്ടെ. ശേഷം ആ പാത്രം ഏഴു തവണ കഴുകുകയും ചെയ്യട്ടെ." (മുസ്ലിം: 279)

നായ തലയിട്ട പാത്രത്തിലുള്ളത് ഒഴിച്ചു കളയാനും, പാത്രം ഏഴു തവണ കഴുകാനും നബി -ﷺ- പറഞ്ഞു എന്നതിൽ നിന്ന് അതിലുള്ളത് ഉപയോഗശൂന്യമാണെന്നും നജിസാണെന്നും മനസ്സിലാക്കാം. കാരണം ഉപയോഗസാധ്യതയുള്ള ഒരു വസ്തു പാഴാക്കാൻ നബി -ﷺ- കൽപ്പിക്കുകയില്ല. നജിസല്ലാത്ത ഒരു കാര്യം കഴുകാൻ നിർബന്ധിക്കുകയുമില്ല.

പന്നി കഴിക്കുകയോ കുടിക്കുകയോ ചെയ്തതിന്റെ ബാക്കി നജിസാണെന്നതിനുള്ള തെളിവ് ഖുർആനിലെ ആയത്താണ്. അല്ലാഹു പറയുന്നു:

﴿أَوْ لَحْمَ خِنزِيرٍ فَإِنَّهُۥ رِجْسٌ﴾ الأنعام: ١٤٥

"... പന്നിമാംസമോ ആണെങ്കിൽ (അവ നിഷിദ്ധമാണ്). കാരണം അത് മ്ലേച്ഛമത്രെ." (അൻആം: 145)

പണ്ഡിതന്മാർ പറഞ്ഞു: പന്നി തന്നെ നജിസാണ് എന്ന് ഈ ആയത്തിൽ നിന്ന് മനസ്സിലാക്കാം. കാരണം ആയത്തിൽ പറയപ്പെട്ട രിജ്സ് എന്നതിന്റെ ഉദ്ദേശം നജിസ് എന്നാണ്. പന്നിയിൽ നിന്ന് ഉടലെടുക്കുന്ന ഉമിനീരും സ്വാഭാവികമായും നജിസാണ്. അതിനാൽ അവയുടെ ഭക്ഷണത്തിന്റെ ബാക്കിയും നജിസ് തന്നെ.

## 16. വേട്ടയാടി ഭക്ഷണം കണ്ടെത്തുന്ന വന്യമൃഗങ്ങൾ തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ?

വേട്ട തേടുന്ന മൃഗങ്ങളായ ചെന്നായ, പുലി, സിംഹം പോലുള്ള മൃഗങ്ങളും, പരുന്തിനെ പോലുള്ള പക്ഷികളും വന്യമൃഗങ്ങളിലാണ് ഉൾപ്പെടുക. ഇവയുടെ ഉമിനീരും, ഇവ കഴിച്ച ഭക്ഷണത്തിന്റെയും

പാനീയത്തിന്റെയും ബാക്കിയും ശുദ്ധിയുള്ളതാണ്. മാലികീ, ശാഫിഈ, മദ്ഹബുകളുടെ അഭിപ്രായം ഇപ്രകാരമാണ്. ഇമാം അഹ്മദിൽ നിന്ന് ഈ അഭിപ്രായം ചില നിവേദനങ്ങളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. ശൈഖ് ഇബ്നു ഉഥൈമീൻ -ﷺ- യുടെ അഭിപ്രായവും, ലജ്നതുദ്ദാഇമയുടെ ഫത്‌വയും ഇപ്രകാരം തന്നെ.

ശൈഖ് ഇബ്നു ഉസൈമീൻ -ﷺ- ഈ വിധി ചില നിബന്ധനകളോടെയാണെന്ന് വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: "വേട്ടയാടുന്ന മൃഗങ്ങൾ തലയിട്ട വെള്ളം ധാരാളമുണ്ടെങ്കിൽ -അവ തലയിട്ടതിനാൽ അതിന്റെ നിറത്തിനോ മണത്തിനോ രുചിക്കോ മാറ്റമുണ്ടായിട്ടില്ലെങ്കിൽ- പ്രസ്തുത വെള്ളം ശുദ്ധീകരിക്കാൻ ഉപയോഗിക്കാം.

എന്നാൽ വെള്ളം കുറച്ചു മാത്രമേ ഉള്ളൂ എന്നതിനൊപ്പം, മേൽ പറയപ്പെട്ട മൃഗങ്ങൾ തലയിട്ടതിനാൽ വെള്ളത്തിന്റെ ഗുണങ്ങൾക്ക് മാറ്റം സംഭവിച്ചുവെങ്കിൽ അത് നജിസാണ്. ഉപയോഗിക്കാവുന്നതല്ല." (ശർഹുൽ മുംതിഅ്: 1/461-463)

ഇത്തരം മൃഗങ്ങളുടെ ഭക്ഷണപാനീയങ്ങളുടെ ബാക്കി ശുദ്ധിയാണെന്ന അഭിപ്രായം സ്വീകരിക്കാനുള്ള കാരണങ്ങൾ ഇവയാണ്:

1- ഇവയുടെ ഭക്ഷണപാനീയങ്ങളുടെ ബാക്കി അശുദ്ധമാണെന്ന് നിശ്ചയിക്കുന്നത് ജനങ്ങൾക്ക് പൊതുവെ പ്രയാസം സൃഷ്ടിക്കുന്നതാണ്. പ്രത്യേകിച്ച് വനപ്രദേശങ്ങളിലും മറ്റും താമസിക്കുന്നവർക്ക്. ജനങ്ങൾക്ക് പൊതുവെ പ്രയാസകരമായി തീരുന്ന കാര്യങ്ങളിൽ ഇസ്‌ലാം ഇളവ് നിശ്ചയിക്കാറുണ്ട്.

2- പൂച്ചയുടെ ഭക്ഷണപാനീയങ്ങളുടെ ബാക്കി ശുദ്ധിയുള്ളതാണ് എന്ന് സ്ഥിരപ്പെട്ടിരിക്കുന്നു. മേൽ പറയപ്പെട്ട മൃഗങ്ങളും പൂച്ചയും ഒരേ ഇനത്തിൽ ഉൾപ്പെടുത്തപ്പെടാവുന്നവയാണ്. കാരണം -അവയെ പോലെ- പൂച്ചയും വേട്ടയാടുകയും, നജിസ് ഭക്ഷിക്കുകയും ചെയ്യുന്ന ജീവികളിൽ പെട്ടതാണ്.

## 16. പൂച്ച തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ?

ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം പൂച്ചയുടെ ഉമിനീരും, അത് കഴിച്ച ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും ബാക്കിയും ശുദ്ധിയുള്ളതാണെന്നാണ്. മാലികീ, ശാഫിഈ, ഹമ്പലീ മദ്ഹബുകളുടെ അഭിപ്രായം ഇപ്രകാരമാണ്. ഈ അഭിപ്രായം സ്വീകരിക്കാനുള്ള തെളിവ് നബി -ﷺ- യുടെ ഹദീഥാണ്:

عَنْ كَبْشَةَ بِنْتِ كَعْبِ بْنِ مَالِكٍ وَكَانَتْ عِنْدَ ابْنِ أَبِي قَتَادَةَ، أَنَّ أَبَا قَتَادَةَ دَخَلَ عَلَيْهَا، قَالَتْ: فَسَكَبْتُ لَهُ وَضُوءًا، قَالَتْ: فَجَاءَتْ هِرَّةٌ تَشْرَبُ، فَأَصْغَى لَهَا الإِنَاءَ حَتَّى شَرِبَتْ، قَالَتْ كَبْشَةُ: فَرَآنِي أَنْظُرُ إِلَيْهِ، فَقَالَ: أَتَعْجَبِينَ يَا بِنْتَ أَخِي؟ فَقُلْتُ: نَعَمْ، فَقَالَ: إِنَّ رَسُولَ اللَّـهِ -ﷺ- قَالَ: «**إِنَّهَا لَيْسَتْ بِنَجَسٍ، إِنَّمَا هِيَ مِنَ الطَّوَّافِينَ عَلَيْكُمْ، أَوِ الطَّوَّافَاتِ**»

കബ്ശ ബിൻത് കഅ്ബ് -ﷺ- പറയുന്നു: (കബ്ശയുടെ ഭർതൃപിതാവായ) അബൂ ഖതാദഃ -ﷺ- എന്റെ വീട്ടിൽ വന്നു. അദ്ദേഹത്തിന് വുദുവെടുക്കാനുള്ള വെള്ളം ഞാൻ ഒഴിച്ചു വെച്ചു. അപ്പോൾ ഒരു പൂച്ച വരികയും, അതിന് വെള്ളം കുടിക്കാനായി അദ്ദേഹം തന്റെ പാത്രം ചരിച്ചു കൊടുക്കുകയും ചെയ്തു.

ഞാൻ (അത്ഭുതത്തോടെ) ഇത് നോക്കിനിൽക്കുന്നത് കണ്ടപ്പോൾ അദ്ദേഹം ചോദിച്ചു: "നിനക്ക് അത്ഭുതം തോന്നുന്നുണ്ടോ?" ഞാൻ പറഞ്ഞു: "അതെ."

അപ്പോൾ അദ്ദേഹം പറഞ്ഞു: നബി -ﷺ- പറഞ്ഞിട്ടുണ്ട്: "പൂച്ച നജിസല്ല. നിങ്ങൾക്കിടയിൽ ചുറ്റിത്തിരിഞ്ഞു കൊണ്ടേയിരിക്കുന്ന ജീവികളാണവ." (അബൂദാവൂദ്: 75, തിർമിദി: 92, നസാഈ: 68, ഇബ്നു മാജഃ: 367, അഹ്മദ്: 22633, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

പൂച്ച ശുദ്ധിയുള്ള ജീവിയാണെന്നും, അതിന്റെ ഉമനീരും, ഭക്ഷണ പാനീയങ്ങളുടെ ബാക്കിയും ശുദ്ധിയുള്ളതാണെന്നും ഈ ഹദീഥ് അറിയിക്കുന്നു. പൂച്ച എപ്പോഴും മനുഷ്യരെ ചുറ്റിപ്പറ്റി കഴിയുന്ന ജീവിയാണ് എന്ന് നബി -ﷺ- ഓർമ്മപ്പെടുത്തിയതിൽ നിന്ന് അവ നിഷിദ്ധമാണെന്ന് വിധിക്കുന്നതിൽ ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം കൂടി പരിഗണിക്കപ്പെട്ടതായി മനസ്സിലാക്കാം.

## 16. നജസ് ഭക്ഷിക്കുന്ന കോഴിയെ പോലുള്ള ജീവികൾ തലയിട്ട വെള്ളം ശുദ്ധിയുള്ളതാണോ?

നജിസായ വസ്തുക്കളിൽ നിന്ന് അകൽച്ച പാലിക്കാത്ത മൃഗങ്ങളും പക്ഷികളും കഴിച്ച ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും ബാക്കി ഉപയോഗിക്കുന്നത് വെറുക്കപ്പെട്ട മക്റൂഹായ കാര്യമാണെന്ന് ധാരാളം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എലികളും, അഴി

ച്ചു വിടപ്പെട്ട കോഴിയും താറാവുമെല്ലാം ഈ പറഞ്ഞതിൽ പെടാവുന്ന ജീവികളാണ്. ഹനഫീ, മാലികീ, ഹമ്പലീ മദ്ഹബുകളുടെ അഭിപ്രായം ഇപ്രകാരമാണ്.

കാരണം ഇത്തരം ജീവികൾ ചത്ത ശവങ്ങളും മറ്റും തിന്നുന്നവയാണ്. അഴിച്ചു വിടപ്പെട്ട കോഴികളെ പോലുള്ളവയുടെ കൊക്കിൽ മിക്കവാറും നജിസ് ഉണ്ടായിരിക്കുകയും ചെയ്യും.

എന്നാൽ ആരെങ്കിലും കോഴിയോ മറ്റോ തലയിട്ട വെള്ളം കൊണ്ട് വുദു എടുക്കുകയോ കുളിക്കുകയോ ചെയ്താൽ അയാളുടെ വുദു ശരിയാകുന്നതാണ്. കാരണം അവയുടെ കൊക്ക് ശുദ്ധിയുള്ളതാണെന്നതാണ് അടിസ്ഥാനം; അതിൽ നജസ് ഉണ്ടായേക്കാമെന്നത് സംശയവും സാധ്യതയും മാത്രമാണ്. ഉറപ്പുള്ള കാര്യത്തെ സംശയം കൊണ്ട് ഒഴിവാക്കേണ്ടതില്ല എന്നത് പൊതു നിയമമാണ്.

വല്ലാഹു അഅ്ലം.